പരിഗണനയും പിന്തുടരുന്നതല്ല. ഇരിങ്ങാലക്കുടയിൽ ബസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം കോർപ്പറേഷന്റെ പരിഗണനയിലുണ്ടെങ്കിലും 1983-ൽ അഞ്ചേക്കർ സ്ഥലം ഉണ്ടായാൽ മാത്രമേ ബസ് സ്റ്റേഷൻ ആരംഭിക്കാൻ കഴിയൂ എന്ന തീരുമാനം എടുത്തുവെങ്കിലും ബഹുമാനപ്പെട്ട മെമ്പറുടെ താൽപ്പര്യവും ഗവൺമെന്റിന്റെ താൽപ്പര്യവും സംരക്ഷിച്ചുകൊണ്ട് ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി രണ്ടര ഏക്കർ സ്ഥലവും ഡിസൈൻ അനുസരിച്ചുള്ള കെട്ടിടവും കെട്ടി ഏൽപ്പിക്കുന്ന മുറയ്ക്ക് ബസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പ് നൽകുകയാണ്. ഇരിങ്ങാലക്കുട —തിരുവനന്തപുരം ബസ് സർവ്വീസ് ആരംഭിക്കണമെന്ന് അദ്ദേഹം വളരെ നാളുകളായി പറയുകയാണ്. അദ്ദേഹത്തിന് കാര്യങ്ങളൊക്കെ നല്ലതുപോലെ അറിയാം. ബസ്സിന്റെ ലഭ്യതയുണ്ടാകുമ്പോൾ ഈ കാര്യം പരിഗണിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ ഉറപ്പുനൽകുകയാണ്.

(2) മുടക്കിത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ്

ശ്രീ. ബെന്നി ബഹനാൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പിറവം പഞ്ചായത്തിനേയും രാമമംഗലം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന മുടക്കിത്തോട് പാലം ശ്രീ. പങ്കജാക്ഷൻ പൊതുമരാമത്തു വകുപ്പു മന്ത്രിയായിരുന്നപ്പോൾ പണി ആരംഭിക്കുകയും അന്നത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തതാണ്. ഇന്ന് ആ പാലത്തിന്റെ പണി പൂർത്തീകരിച്ചുവെങ്കിലും രണ്ടു പ്രധാനപ്പെട്ട പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ പണി വീണ്ടും ഏറ്റെടുത്ത് നടത്താൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറല്ല എന്നാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ശ്രദ്ധയിൽ നിരന്തരമായി ഈ കാര്യം പെടുത്തിയിട്ടുണ്ട്. ഇന്ന് മുടക്കിത്തോട് പാലം അതിന്റെ പേര് അന്വർത്ഥമാക്കി വഴിമുടക്കിയായി നിൽക്കുകയാണ്. അതുകൊണ്ട് കൺസ്ട്രക്ഷൻ കോർപ്പറേഷനു ഈ ജോലി ഏറ്റെടുത്തു നടത്താൻ സാധിക്കുകയില്ലെങ്കിൽ എത്രയും വേഗം ഈ ജോലി അവരിൽനിന്ന് വിടുവിച്ച് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കണം. ഒരു പുതിയ റോഡ് എന്ന നിലയിലല്ല വർഷങ്ങൾക്കുമുമ്പ് പണി ഏറ്റെടുത്ത അപ്രോച്ച് റോഡിന്റെ പണിമാത്രം കിടക്കുന്നു. ഇത് റീ—ടെൻഡർ ചെയ്ത് പണി പൂർത്തീകരിച്ച് രണ്ടുപഞ്ചായത്തിനും യാത്രായോഗ്യമാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1979-ൽ അനുമതി നൽകിയ പാലം 1981—82-ൽ പൂർത്തിയായിട്ടുണ്ട്. രണ്ടുറോഡുകളും ഉൾപ്പെടെയുള്ളത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചതായിരുന്നു. അവർ പാലത്തിന്റെ പണി പൂർത്തിയാക്കി റോഡിന്റെ വർക്കിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇതിനെപ്പറ്റി ആലോചിച്ച് വർക്ക് ഒഴിവാക്കാൻ നിർദ്ദേശം നൽകിയെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾമൂലം പൂർണ്ണമായി ഒഴിവാക്കിയതായി വിവരം ലഭിച്ചിട്ടില്ല. ഏകദേശം 6 (ആറ്) ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

വർക്ക് അവശേഷിക്കുന്നുണ്ട്, ഇതിന് അഞ്ച് (5) ലക്ഷം രൂപ ബഡ്ജറ്റിൽ പ്രോവിഷനുമുണ്ട്. കഴിയുന്നതുംവേഗം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഒഴിവാക്കി മറ്റുതരത്തിൽ പ്രവർത്തനം നടത്താൻ അനുമതി നൽകുന്നതാണ്.

(3) മുകുന്ദപുരം താലൂക്കാഫീസ് വക ജീപ്പ് ഫോറസ്റ്റധികൃതർ പിടിച്ചെടുക്കാനിടയാക്കിയ സംഭവം സംബന്ധിച്ച്

ശ്രീ. വി. കെ. രാജൻ: സർ, മുകുന്ദപുരം തഹസീൽദാർക്ക് ഔദ്യോഗികാവശ്യത്തിന് സർക്കാരിൽനിന്ന് അനുവദിക്കപ്പെട്ട കെ.ആർ.ആർ.6788 നമ്പർ ജീപ്പ് അനാശാസ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു. അദ്ദേഹത്തെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. വ്യഭിചാരം, മദ്യപാനം തുടങ്ങിയിട്ടുള്ള എല്ലാ അനാശാസ്യ പ്രവർത്തനങ്ങൾക്കും അദ്ദേഹം ഈ ജീപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. അടുത്തൊരു ദിവസം ചാലക്കുടി ഫോറസ്റ്റ് റേഞ്ചിൽ കരിങ്കുരങ്ങിനെ നായാടുന്നതിനുവേണ്ടി ഈ ജീപ്പും കൊണ്ടുപോയി. അദ്ദേഹത്തിന് പരിശീലനം കൊടുത്തത് പണ്ട് തൃശ്ശൂരിലുണ്ടായിരുന്ന ശ്രീവാസ്തവ എന്നു പറയുന്ന ഡി.വൈ.എസ്.പി. ആയിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായിട്ടാണ് ഈ തഹസീൽദാർ വളർന്നുവന്നത്. ഈ തഹസീൽദാർ കൊടുങ്ങല്ലൂർ തഹസീൽദാരായിരുന്ന അവസരത്തിൽ നിരവധി ആരോപണങ്ങളുണ്ടായിട്ടുണ്ട്. സിമൻറ് പെർമിറ്റ് വിൽക്കുകയും അതിന്റെ പേരിൽ രണ്ടു വിജിലൻസ് കേസ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഈ തഹസീൽദാരെ കൊടുങ്ങല്ലൂരിൽനിന്ന് മുകുന്ദപുരം താലൂക്കാഫീസിലേക്ക് റവന്യൂ വകുപ്പുമന്ത്രി മാറ്റുകയുണ്ടായി. അവിടെ ചെന്നതിനുശേഷമുണ്ടായ പരാതികളെ സംബന്ധിച്ച് വീണ്ടും വിജിലൻസ് എൻക്വയറി ആരംഭിച്ചിരിക്കുകയാണ്. ഈ ജീപ്പ് വെള്ളിയാഴ്ച മാളയിൽ ഡ്യൂട്ടിക്ക് ഇട്ടിരുന്നുവെങ്കിലും അന്ന് അർദ്ധരാത്രി ഇത് ചാലക്കുടിയിൽ വച്ച് ഡി.എഫ്.ഒ. കസ്റ്റഡിയിലെടുത്തു. കേസ് ചാർജ്ജ് ചെയ്തത് മഹസ്സറിൽതന്നെ ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ ജീപ്പ് എങ്ങനെ അവിടെപോയി എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചിട്ടില്ല, ഇതിനെ സംബന്ധിച്ച് യാതൊരു നടപടിയും ഇപ്പോഴും സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല മൂന്നുവർഷക്കാലത്തിലധികം താലൂക്ക് തഹസീൽദാർ പദവിയിൽ ഒരാളെത്തന്നെ വയ്ക്കാൻ പാടില്ലായെന്നുണ്ട്. അഞ്ചുവർഷമായിട്ടും ഈ തഹസീൽദാർ തുടരുകയാണ്. കൊടുങ്ങല്ലൂരാണെങ്കിൽ ഒരു ചെറിയ താലൂക്കാണ്, മുകുന്ദപുരം വലിയൊരു താലൂക്കാണ്. അങ്ങോട്ടേയ്ക്കാണ് ഈ തഹസീൽദാരെ മാറ്റിയിരിക്കുന്നത്. ഈ കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയെ ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ ഈ തഹസീൽദാർ ഈ തസ്തികയിൽ തുടരാൻ അർഹനല്ല, ഇത് അപമാനമാണ്, ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ബഹുമാനപ്പെട്ട രാജൻ പറഞ്ഞ സംഭവത്തെ സംബന്ധിച്ച് ചുരുക്കമായി അന്വേഷിക്കാനേ പറ്റിയിട്ടുള്ളൂ. ഇതിനെ സംബന്ധിച്ച കേസന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ സമയത്ത് ഇതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly